| 31.03.2025 ലെ നീക്കിയിരിപ്പ് (ബാങ്ക് ബുക്ക് പ്രകാരം) | 31.03.2025 ലെ നീക്കിയിരിപ്പ് (പാസ് ബുക്ക് പ്രകാരം) | വ്യത്യാസം |
|---|---|---|
| 8,05,345 | 8,61,026 | 55681 (Cheque Issued But Not Presented Into Bank) |

മേൽ പട്ടികയിലുള്ള Cheque Issued But Not Presented Into Bank എന്ന് രേഖപ്പെടുത്തിയിട്ടുള്ള 55681 രൂപയുടെ വിശദാംശം (പിൻവലിക്കപ്പെട്ട തീയതി, നിക്ഷേപിച്ച തീയതി എന്നിവ) ലഭ്യമാക്കേണ്ടതാണ്.

**3).ബാങ്ക് നേരിട്ട് ക്രെഡിറ്റ് ചെയ്ത തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.**

അക്കൗണ്ട് നം- 267701000166

ICICI ബാങ്ക്, വടക്കഞ്ചേരി ശാഖ

| 31.03.2025 ലെ നീക്കിയിരിപ്പ് (ബാങ്ക് ബുക്ക് പ്രകാരം) | 31.03.2025 ലെ നീക്കിയിരിപ്പ് (പാസ് ബുക്ക് പ്രകാരം) | വ്യത്യാസം |
|---|---|---|
| 1,61,92,045 | 1,62,09,162 | 17117 (Directly Credited By Bank) |

31-03-2025 തീയതിയിൽ 17117രൂപ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

**4. ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക സമയബന്ധിതമായി തയ്യാറാക്കുന്നില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ [28.03.2011 തീയതിയിലെ സ.ഉ (എം.എസ്) നമ്പർ-83/11/എൽ.എസ്.ജി.ഡി] അധ്യായം 6 ചട്ടം 57 പ്രാകാരം ബാങ്ക് ബുക്കുകളുടെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ (റീകൺസീലിയേഷൻ) പൂർത്തിയായി കഴിഞ്ഞാൽ അടുത്ത മാസം 5ാം തീയതിക്കുള്ളിൽ അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക (റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ്) തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിലുള്ള താഴെ പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 2025 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ റീകൺസീലിയേഷൻ തയ്യാറാക്കിയതായി കാണുന്നില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

| Sl No | Bank | Account No |
|---|---|---|
| 1 | BANK OF BARODA | 62730100004225 |
| 2 | CANARA BANK | 110081490403 |
| 3 | CANARA BANK - BUILDINGLESS SUB CENTRES | 110046083101 |
| 4 | CANARA BANK CONVERSION OF RURAL AND SUBCENTRE INTO HEALTH AND | 110046083196 |

| Sl No | Bank | Account No |
|---|---|---|
| | WELLNESS CENTRES | |
| 5 | CANARA BANK INFRASTRUCTURE PHC | 110046082929 |
| 6 | HDFC | 50200087739495 |
| 7 | HDFC BANK | 50100319991907 |
| 8 | ICICI | 267701000166 |
| 9 | IDBI SBM | 0336104000222334 |
| 10 | Other Co-Operative Bank | 777 |
| 11 | South Indian Bank | 0167053000017427 |
| 12 | SOUTH INDIAN BANK | 0167053000017127 |
| 13 | State Bank Of India | 67386966602 |
| 14 | Sub Treasury, Vadakkencherry | 799013000000018 |
| 15 | Vijaya Bank | 204201010006164 |

## 1-17 ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായ പദ്ധതികളുടെ ചെലവു രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് കടപ്പാറ നിർവഹണോദ്യോഗസ്ഥനായി ഓഡിറ്റ് വർഷത്തിൽ 7 പദ്ധതികൾ ആവിഷ്കരിക്കുകയും ആയതിൽ താഴെ പറയുന്ന 5 പദ്ധതികൾ പ്രകാരം തുക ചെലവഴിച്ചിട്ടുമുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തെ പദ്ധതി ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. സുലേഖ ചെലവു പത്രിക, സാംഖ്യവെബ് എന്നിവ പരിശോധിച്ചത് പ്രകാരം തുക ചെലവഴിച്ച പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ/ഫണ്ട് | ചെലവ് | സാംഖ്യവെബ് പ്രകാരമുള്ള ബിൽ നം./ തീയതി/തുക | റിമാർക്സ് |
|---|---|---|---|---|
| **29/25** ബിരുദ ബിരുദാനന്തര വിദ്യാർത്ഥി കൾക്ക് ലാപ്ടോപ് | 420000 വികസന ഫണ്ട് എസ്.സി.പി | 399464 | 482/24-03-2025/ 399464 | ട്രഷറി പെയ്ഡ് ബിൽ റിപ്പോർട്ട് പ്രകാരം Amster Business Corporation എന്ന സ്ഥാപനത്തിന്റെ The South Indian Bank (SIBL0000476) A/C No. 0476073000000283 – ലേയ്ക്കാണ് 399464രൂപ നൽകിയിട്ടുള്ളത്. |
| **27/25** വിദ്യാർത്ഥി കൾക്ക് പഠനോ പകരണം എസ്.സി.പി | 400000 വികസനഫണ്ട് എസ്.സി.പി | 297000 | 516/25-03-2025/ 297000 | ട്രഷറി പെയ്ഡ് ബിൽ റിപ്പോർട്ട് പ്രകാരം DEVI STEEL FURNITURE എന്ന സ്ഥാപനത്തിന്റെ Canara Bank (CNRB0000831) A/C No. 125003381452 - |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ലേയ്ക്കാണ് 297000രൂപ നൽകിയിട്ടുള്ളത്. | |
| | **26/25** എസ്.എസ്.എ പഞ്ചായത്ത് വിഹിതം നൽകൽ | 600000 വികസനഫണ്ട് ജനറൽ | 514285 | 301/17-01-2025/ 514285 | Block Project Coordinator SSK – യുടെ Canara Bank (CNRB0000739) A/C No. 0739101046104 - ലേയ്ക്കാണ് 514285രൂപ നൽകിയിട്ടുള്ളത്. | |
| | **31/25** പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം | 200000 വികസനഫണ്ട് ടി.എസ്.പി | 123560 | 1) 302/17-01-2025/ 8880<br>2)421/10-03-2025/ 20720<br>3) 207/20-11-2024/ 11080<br>4)235/18-12-2024/ 10520<br>5)37/19-07-2024/ 29960<br>6)99/12-09-2024/ 32920<br>7)125/16-10-2024/ 9480 | ANNAMMA, കടപ്പാറ എന്ന വ്യക്തിയുടെ Canara Bank (CNRB0001316) A/C No.1316101013022 - ലേയ്ക്കാണ് തുകകൾ നൽകിയിട്ടുള്ളത്. | |
| | **32/25** കടപ്പാറ ജി.എൽ.പി സ്കൂളിലെ കണ്ടിജൻസി ചെലവ് | 80000 മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 40556 | 1)126/16-10-2024/ 4585<br>2)126/16-10-2024/ 3024<br>3)100/12-09-2024/ 4292<br>4)236/18-12-2024/ 6214<br>5)218/27-11-2024/ 9771<br>6)422/10-03-2025/ 8209<br>7)303/17-01-2025/ 2671<br>8)517/25-03-2025/ 1790 | ക്രമ നം.3 ബില്ലിലെ - 2274രൂപ, ക്രമ നം.6 ബില്ലിലെ 4516രൂപ KARAKKAD AGNECIES എന്ന സ്ഥാപനത്തിന്റെ Canara Bank (CNRB0001316) A/C No.120028357311 – ലേയ്ക്കാണ് നൽകിയിരിക്കുന്നത്.<br>ക്രമ നം.5 ബില്ലിലെ 3500രൂപ Ratheesh എന്ന വ്യക്തിയുടെ Canara Bank (CNRB0001316) A/C No.1316101013477 – ലേയ്ക്കാണ് നൽകിയിരിക്കുന്നത്.<br>പ്രൊജക്ട് പ്രകാരമുള്ള മറ്റ് തുകകൾ MARI K, ഹെഡ് മാസ്റ്റർ - ന്റെ<br>Canara Bank (CNRB0000773)<br>A/C No.110082255946 – ലേയ്ക്കാണ് | |

| | | | | |
|---|---|---|---|---|
| | | | | നൽകിയിരിക്കുന്നത്. |
| **ആകെ** | **17,00,000** | **13,74,865** | | |

ഓഡിറ്റ് ആരംഭിച്ച 10.08.25 ന് തന്നെ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും ചെലവു രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടു ഓഡിറ്റ് റിക്വിസിഷൻ നം.01/10.08.25 നൽകിയെങ്കിലും നിർവഹണോദ്യോഗസ്ഥൻ ചെലവുരേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആകെ 13,74,865 രൂപ 2024-25 വർഷം ചെലവഴിച്ചിട്ടുണ്ട്. ട്രഷറി ബിൽബുക്ക്, കാഷ്ബുക്ക്, പ്രോജക്ട് രേഖകൾ, ബില്ലുകളുടെ പകർപ്പ്, അനുബന്ധ വൗച്ചറുകൾ എന്നിവ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം.14/18-09-25 പ്രകാരം തുടർന്നും ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കിയില്ല. നിലവിലെ ഹെഡ്മിസ്ട്രസ് പ്രസ്തുത ഓഡിറ്റ് അന്വേഷണത്തിന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

*"കടപ്പാറ ജി.എൽ.പി.എസ് ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായിട്ടുള്ള വിവിധ പൊജക്ടുകളിൽ DDO Code-1407 520 150 – എന്ന ബിൽബുക്കിൽ 19 ബില്ലുകൾ നിർവഹണം നടത്തി ചെലവഴിച്ചതായി കാണുന്നു. എന്നാൽ 2024-25 കാലയളവിൽ പസ്‌തുത പദ്ധതിയിൽ നിർവഹണം നടത്തിയിട്ടുള്ള ബിൽബുക്ക് ഒഴികെ ഒരു രേഖയും നാളിതുവരെ കൈമാറ്റം ചെയ്ത് കിട്ടിയിട്ടില്ലാത്തതിനാൽ ഓഡിറ്റിനു മുമ്പാകെ ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല."*

ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച് ആദ്യമറുപടിയോടൊപ്പം രേഖകൾ ഹാജരാക്കാത്ത പക്ഷം ചെലവു രേഖകൾ ഇല്ല എന്ന നിഗമനത്തിൽ 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമങ്ങൾ, വകുപ്പ് 12, 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 10, എന്നിവ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതിപ്രകാരമുള്ള ചെലവിന് ആസ്പദമായ വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കാത്തതിനാൽ ആകെ ചെലവ് തുക **13,74,865രൂപ** തടസ്സത്തിൽ വെക്കുന്നു.

## 1-18 വീട് വാസയോഗ്യമാക്കൽ - എസ് സി -പൂർത്തീകരണ വിവരം ഇല്ല

| | |
|---|---|
| പ്രോജക്ട് നം., പേര് | 160/25 (SO), വീട് വാസയോഗ്യമാക്കൽ - എസ്.സി |
| നിർവഹണം | വി ഇ ഒ സർക്കിൾ 1 |
| അടങ്കൽ | 780000 വികസനഫണ്ട് (എസ്.സി.പി) |
| ചെലവ് | 780000 വികസനഫണ്ട് (എസ്.സി.പി) |

27-12-2023 തീയതിയിലെ തീരുമാനം നമ്പർ 6(1) പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 2023-24 വർഷത്തിൽ 19 പേരുമായി കരാറിലേർപ്പെട്ടതിൽ 2024-25 വർഷത്തിലെ മേൽ സ്പിൽ ഓവർ പദ്ധതിയോടു കൂടി 18 പേരുടെയും വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. 60000രൂപയാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. എന്നാൽ ഒരു ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചില്ല. നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താവിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

ഗുണഭോക്താവ് - വിജയൻ സി, വിനയഭവൻ, ചൂരക്കോട്

കൈപ്പറ്റിയ തുക/തീയതി - 30000/10-01-2024

രജിസ്റ്ററിന്റെയും രേഖകളുടെയും പരിശോധനയിൽ 2023-24 വർഷത്തിൽ കരാറിലേർപ്പെട്ടെങ്കിലും 2024-25 വർഷത്തിലും പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയതായി കാണുന്നില്ല. തുടർ നടപടികളുടെ വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/18-09-25) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ബൊക്കാഷി ബക്കറ്റ് വിതരണം - സ്പിൽ ഓവർ പദ്ധതി നടപ്പിലായിട്ടില്ല

വി.ഇ.ഒ II നിർവഹണ ഉദ്യോഗസ്ഥനായി മുൻവർഷങ്ങളിൽ ആരംഭിച്ചതും 2024-25 വർഷത്തിൽ സ്പിൽ ഓവർ ആക്കിയതുമായ ബൊക്കാഷി ബക്കറ്റ് വിതരണം പദ്ധതി തൻവർഷം നടപ്പിലാക്കിയില്ല. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് - നം.149/25 (SO), ബൊക്കാഷി ബക്കറ്റ് വിതരണം

അടങ്കൽ - 567048 ( 89594 - വികസന ഫണ്ട് ജനറൽ, 426454 - CFC, 51000 – ഗുണഭോക്തൃ വിഹിതം)

പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതിരുന്നതിന്റെ കാരണവും പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരവും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.24/19-09-2025 ന്റെ മറുപടിയിൽ തൻവർഷം ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകാതിരുന്നതിനാലാണ് പദ്ധതി നടപ്പിലാകാതിരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. 2025-26 വർഷത്തിൽ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമായിട്ടുള്ളതിനാൽ പദ്ധതി നടപ്പിലാക്കുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കലും സ്വീകരിക്കേണ്ട തുടർ നടപടികളും സംബന്ധിച്ച് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം.84/2022/തസ്വഭവ തീയതി-14/04/2022 ഖണ്ഡിക 11 -ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അവ സമയബന്ധിതമായി പൂർത്തീകരി ക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**1-20 ഒരേ വാഹനം ഒരേ സമയം ഉപയോഗിച്ചതായി കാണിച്ച് തുക കൈപ്പറ്റി- 5200 രൂപ നിരാകരിക്കുന്നു.**

നിർവഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം

1) പ്രോജക്ട് നം 17/25

പാലിയേറ്റീവ് കെയർ

അടങ്കൽ 700000 (വികസനഫണ്ട്-ജനറൽ)

ചെലവ്- 633532

2) പ്രോജക്ട് നം 23/25

കുടുംബാരോഗ്യകേന്ദ്രത്തിലെ വിവിധആവശ്യങ്ങൾക്കുള്ള വാഹനവാടക നൽകൽ

അടങ്കൽ -100000(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് -100000

മേൽ പറഞ്ഞ 2 പദ്ധതികൾക്കായി വാഹന വാടക നൽകിയതിന്റെ ചെലവ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

വൗച്ചറുകളുടെ /വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളുടെ പരിശോധനയിൽ ഒരേ ദിവസം മറ്റ് ആവശ്യങ്ങൾക്കും വിവിധ കേന്ദ്രങ്ങളിലെ ഹോംകെയറിനും വേണ്ടി ഒരേ വാഹനവും ഡ്രൈവറും ഓടിയതായി കാണിച്ച് വാടക നൽകിയിട്ടുള്ളതായി കണ്ടെത്തി

ഒരേ വാഹനം ഒരേ സമയം ഒന്നിലധികം യൂണിറ്റുകളിൽ ഓടി വാഹന വാടക കൈപ്പറ്റിയതിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാഹനം, ഡ്രൈവറുടെ പേര് | ട്രിപ്പ് ഷീറ്റ് പ്രകാരം വാഹനം ഓടിയ തീയതി | ഒരേ ദിവസം ഒരേ സമയം വാഹനം ഓടിയതായി കണ്ടെത്തിയത് | വാടക ഇനത്തിൽ നൽകിയ തുക (രൂപയിൽ) | ബിൽ നം. തീയതി, ബിൽ തുക | അധികം/ അനർഹമായി നൽകിയത് തുക |
|---|---|---|---|---|---|---|
| 1 | KL48D5399 നിഷാദ്.കെ | 09.07.24 | വൗച്ചർ നം 5/09-07-24 സ്രാമ്പിക്കുളമ്പ്, കുറുമാലിക്കാവ് , തുടങ്ങിയ സ്ഥലങ്ങളിൽ 10AM മുതൽ 4 PM വരെ ഹോം കെയറിനായി പോയി | 1100 | ബിൽ നം 11/09.08.24 ബിൽ തുക 53120 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | വന്ന യാത്ര | | | |
| | | | വൗച്ചർ നം 10/09.07.24 പാലക്കാട് KMSCL ൽ നിന്ന് മരുന്ന് പെട്ടികൾ കൊണ്ടു വരാൻ പോയി വന്ന യാത്ര (സമയം രേഖപ്പെടുത്തി യിട്ടില്ല) | 1500 | ബിൽ നം 8/23.07.24 ബിൽ തുക 19000 | **1500** |
| 2 | ടി | 08.10.2024 | വൗച്ചർ നം 04/08.10.24 വള്ളിയോട്, മുടപ്പല്ലൂർ, മാത്തൂർ എന്നിവിട ങ്ങളിൽ ഹോം കെയറിനായുള്ള യാത്ര( 10AM മുതൽ 4 PM വരെ) | 1100 | ബിൽ നം 27/08.11.24 ബിൽ തുക 46720 | 0 |
| | | | വൗച്ചർ നം 83/08.10.24 ഓക്സിജൻ സിലിണ്ടറുകൾ നിറച്ച് കൊണ്ടുവന്നത്. (സമയം രേഖപ്പെടു ത്തിയിട്ടില്ല) | 500 | ബിൽ നം 34/22.11.24 ബിൽ തുക 19437 | **500** |
| 3 | ടി | 24.05.24 | **വൗച്ചർ നം 35/24.05.24** പുത്തൻകോട്, മംഗലം ഡാം, മംഗലംഡാം FHC, വണ്ടാഴി തുടങ്ങിയ സ്ഥലങ്ങളിൽ ഹോംകെ യറിനായി പോയി വന്ന യാത്ര ( 10AM മുതൽ 4 PM വരെ ) | 1100 | ബിൽ നം 3/29.06.24 ബിൽ തുക 105423 | 0 |
| | | | വൗച്ചർ നം 25/24.05.24 ഓക്സിജൻ സിലിണ്ടറുകൾ നിറച്ച് കൊണ്ടുവന്നത് | 600 | ബിൽ നം 34/22.11.24 ബിൽ തുക 19437 | **600** |

| | | | | | | |
|---|---|---|---|---|---|---|
| | | | (സമയം രേഖപ്പെടുത്തി യിട്ടില്ല) | | | |
| 4 | ടി | 21.08.24 | വൗച്ചർ നം 12/21.08.24 കമ്മാന്തറ, മുടപ്പല്ലൂർ, നെല്ലിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ ഹോംകെയ റിനായി പോയി വന്ന യാത്ര ( 10AM മുതൽ 4 PM വരെ ) | 1100 | ബിൽ നം 14/09.09.24 ബിൽ തുക 53120 | 0 |
| | | | വൗച്ചർ നം 63/21.08.24 ഓക്സിജൻ സിലിണ്ടറുകൾ നിറച്ച് കൊണ്ടുവന്നത് (സമയം രേഖപ്പെടു ത്തിയിട്ടില്ല) | 600 | ബിൽ നം 34/22.11.24 ബിൽ തുക 19437 | **600** |
| 5 | ടി | 25.09.24 | **വൗച്ചർനം 16/25.09.24** കറാത്തുപറമ്പ്, മയിലുറോഡ്, പനംകുളമ്പ്, മുടപ്പല്ലൂർ കമ്മാന്തറ തുടങ്ങിയ സ്ഥലങ്ങളിൽ ഹോംകെയ റിനായി പോയി വന്ന യാത്ര ( 10AM മുതൽ 4 PM വരെ ) | 1100 | ബിൽ നം 21/09.10.24 ബിൽ തുക 54620 | 0 |
| | | | വൗച്ചർ നം 25.09.24 വണ്ടാഴിയിൽ നിന്നും ഓക്സിജൻ സിലിണ്ടർ കാലിയായത് നിറച്ച് കൊണ്ടു വന്ന വകയിൽ (സമയം രേഖപ്പെടുത്തി യിട്ടില്ല) | 1000 | ബിൽ നം 34/22.11.24 ബിൽ തുക 19437 | **1000** |
| 6 | ടി | 17.04.24 | **വൗച്ചർ നം** | 1100 | ബിൽ | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | **10/17.04.24** മംഗലംഡാം, പാണ്ടിക്കടവ്, 35 ബ്ലോക്ക് തുടങ്ങിയ സ്ഥലങ്ങളിൽ ഹോംകെയ റിനായി പോയി വന്ന യാത്ര ( 10AM മുതൽ 4 PM വരെ ) | | നം 3/29.06.24 ബിൽ തുക 105423 | |
| | | 17.04.24 | വൗച്ചർ നം. 08/17.04.24 മരുന്നുകളുമായി താലൂക്ക് ആശുപത്രിയിൽ പോയി വന്ന യാത്ര(സമയം രേഖപ്പെടു ത്തിയിട്ടില്ല) | 1000 | ബിൽ നം 34/22.11.24 ബിൽ തുക 19437 | **1000** |
| | ആകെ അധികം നൽകിയത് | | | | | **5200** |

ശ്രീ. നൗഷാദ്.കെ എന്ന ഡ്രൈവറും KL48 D 5399 വാഹനവുമാണ് പാലിയേറ്റീവ് പരിചരണ പദ്ധതിയിലെ എല്ലാ ഗൃഹസന്ദർശനത്തിനും ഉപയോഗിച്ചിട്ടുള്ളത്. പ്രസ്തുത വാഹനം തെരഞ്ഞെടുത്തതിന്റെ രേഖകൾ (ക്വട്ടേഷൻ, ഭരണസമിതി തീരുമാനം Etc) ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പാലിയേറ്റീവ് പരിചരണത്തിനായി പോയി വന്ന യാത്രകൾ കൂടാതെയാണ് ഒരേ ദിവസം തന്നെ മറ്റ് യാത്രകൾക്കും തുക നൽകിയിട്ടുള്ളത്. ഈ യാത്രകൾ നടത്തിയ സമയം ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ഒരു വാഹനം ഒരേ സമയം ഒരു സ്ഥലത്ത് മാത്രമേ ഓടാൻ സാധിക്കു എന്നതിനാൽ മേൽ പറഞ്ഞ വിധം രണ്ട് സ്ഥലങ്ങളിൽ ഓടിയതായി ട്രിപ്പ് ഷീറ്റുകൾ വ്യാജമായി തയ്യാറാക്കി തുക നൽകിയതാണ് എന്ന് വ്യക്തമാണ്. പാലിയേറ്റീവ് പരിചരണത്തിനായുള്ള യാത്രയുടെ തുക അംഗീകരിക്കുന്നു. അതേ ദിവസങ്ങളിൽ നടത്തിയ മറ്റ് യാത്രകൾക്ക് നൽകിയ തുക നിരാകരിക്കുന്നു. ഓഡിറ്റ് അന്വേഷണം നം 22/19.09.25 പ്രകാരം ഇത് നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കേണ്ടതും അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്. അധികം നൽകിയ തുക 5200 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

**<u>1-21 ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ വാങ്ങൽ- മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല</u>**

പ്രോജക്ട് നം 04/25

അടങ്കൽ -500000 ( മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് -500000 ( ബിൽ നം 19/29.11.24)

നിർവഹണോദ്യോഗസ്ഥൻ- സെക്രട്ടറി

എൻ എച്ച് എം ഹോമിയോ മെഡിക്കൽ ഓഫീസർ തയ്യാറാക്കിയ ഇൻഡന്റ്, ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമായ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രോഫോർമ ഇൻവോയ്സ് നം PF662/22.11.24 പ്രകാരം 500000 രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്.

16.12.24 മുതൽ 1.09.25 വരെ കാലയളവിലായി ആകെ **4,00,725 രൂപ** യുടെ മരുന്നുകൾ താഴെ പറയും പ്രകാരം ലഭ്യമായിട്ടുണ്ട്.

| മരുന്നു ലഭ്യമായ തിയ്യതി | ഇൻവോയ്സ് നം , തിയ്യതി | തുക |
|---|---|---|
| 16.12.2024 | LF1904/13.12.24 | 171550 |
| 18.02.2025 | LF2575/15.02.25 | 131357 |
| 19.05.2025 | LF192/16.05.25 | 52994 |
| 01.09.2025 | Indent No 09N26/ 24-25/01.09.25 | 44824 |
| | | **400725** |

**400725** രൂപയ്ക്കുള്ള മരുന്നുകളും സ്റ്റോക്കിൽ എടുത്തിട്ടുണ്ട്.

**99275** രൂപയ്ക്കുള്ള മരുന്നുകൾ കൂടി ഇനി ലഭ്യമാകാനുണ്ട്. തുക നൽകി 9 മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭിക്കാത്തതിനുള്ള കാരണം വിശദമാക്കേണ്ടതാണെന്നും ഹോംകോയുമായി കരാർ ഉടമ്പടി വച്ചിട്ടുള്ളതിന്റെ രേഖകൾ ലഭ്യമല്ലാത്ത വിവരവും 23/19.09.25 നം ഓഡിറ്റ് അന്വേഷണം പ്രകാരം നിർവഹണോദ്യോഗസ്ഥനെ അറിയിച്ചെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

**99275** രൂപയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 മൃഗസംരക്ഷണമേഖലയിൽ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണം

മൃഗസംരക്ഷണത്തിൽ താല്പര്യമുള്ള ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് ജീവനോപാധിയാകുന്ന വിധത്തിൽ കന്നുകാലികളെ സബ്ഡിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനായി 5 പദ്ധതികൾ 2024-25 ൽ രൂപീകരിച്ചതിൽ 4 എണ്ണം നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ലക്ഷ്യമിട്ട പ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കഴിയാത്തതിനാൽ വികസനഫണ്ടിൽ നിന്നും വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല. എല്ലാ പ്രോജക്ടുകളുടെയും മോണിറ്ററിംഗ് ചുമതല മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പിനാണ്. നിർവ്വഹണത്തിലുണ്ടായ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1. ഗുണഭോക്തൃതെരഞ്ഞെടുപ്പിലെ അപാകങ്ങൾ**

വനിതാഘടക പദ്ധതിൽ ഉൾപ്പെടുത്തിയാണ് പദ്ധതികൾ നടപ്പാക്കിയത്. മാറാരോഗിയായ/ കിടപ്പുരോഗിയായ ഭർത്താവുള്ളവർ, ഭർത്താവുപേക്ഷിച്ചു പോയ വനിത എന്നിവർക്ക് മുൻഗണന നൽകിയിട്ടുണ്ട്. പ്രോജക്ട് രൂപീകരണവേളയിൽ വനിതാഘടകപദ്ധതി എന്ന രീതിയിലുള്ള മുൻഗണനക്ക് പ്രാധാന്യം നൽകാത്തതിനാൽ അപേക്ഷിച്ച എല്ലാ ഗുണഭോക്താക്കളെയും പദ്ധതിക്കായി തെരഞ്ഞെടുക്കുകയും ഗുണഭോക്തൃലിസ്റ്റിലെ എണ്ണത്തിന് ആനുപാതികമായി ഫണ്ട് വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരിൽ 10 % ൽ താഴെ എണ്ണം ഗുണഭോക്താക്കൾക്ക് മാത്രമെ ആനുകൂല്യം നൽകുന്നതിന് കഴിഞ്ഞിട്ടുള്ളൂ.

പ്രോജക്ട് പ്രകാരം മുൻഗണനാ മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

1.നിലവിൽ തൊഴുത്ത് ഉള്ളവർ

2. അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടവർ

3. ഭിന്നശേഷി ഉള്ളവർ

4. വിധവ കുടുംബനാഥ

5.പഞ്ചായത്തിന്റെ ആനുകൂല്യം ലഭിക്കാത്തവർ

ഗുണഭോക്താക്കളുടെ അപേക്ഷകളിൽ പ്രോജക്ട് പ്രകാരമുള്ള മുൻഗണനാ മാനദണ്ഡങ്ങൾ പരിഗണിച്ചു കൊണ്ടുള്ള മാർക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ചിട്ടില്ല.

പദ്ധതി പ്രകാരം ആനുകൂല്യം നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | അടങ്കൽ | ഫണ്ട് | ചെലവ് | പദ്ധതി ലക്ഷ്യമിട്ട | ഗുണഭോ ക്തൃ | ആനു കൂല്യം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ഗുണഭോക്താക്കളുടെ എണ്ണം | ലിസ്റ്റ് പ്രകാരം ആകെ ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ ഗുണഭോക്താക്കളുടെ എണ്ണം |
| 1 | 122/25 പോത്തുകുട്ടി വിതരണം - ജനറൽ | 1200000 | 600000-വി.ഫ ജനറൽ 600000- ഗുണഭോക്തൃ വിഹിതം | **50,000** (വി.ഫ ജനറൽ) **50000** 25-26 ൽ ചെലവായിട്ടുണ്ട്. **100000** (ഗുണഭോക്തൃ വിഹിതം) | **60** | **61** | **10** |
| 2 | 128/25 പോത്തുകുട്ടി വിതരണം - എസ്.സി | 760000 | 570000 വി.ഫ എസ്.സി 190000- ഗുണഭോക്തൃ വിഹിതം | 80000 | **38** | **48** | **4** |
| 3 | 135/25 പെണ്ണാട് വിതരണം - എസ്.സി വനിത | 400000 | 300000 (വികസന ഫണ്ട്- ജനറൽ) 100000- ഗുണഭോക്തൃ വിഹിതം | 100000 | **20** | **22** | **2** |
| 4 | പ്രോജക്ട് നം 136/25 ഗർഭിണി കിടാരി - ജനറൽ | 960000 | 4,80,000 (വി.ഫ ജനറൽ 4,80,000 ഗുണഭോക്തൃ വിഹിതം) | 1,20,000 (60,000- വി.ഫണ്ട്- ജനറൽ, 60,000- ഗു.വി ) | **24** | **47** | **3** |
| 5 | പ്രോജക്ട് നം 1325 ഗർഭിണി കിടാരി എസ്.സി | നടപ്പാക്കിയിട്ടില്ല | | | | | |

കേവലം നാമമാത്രമായ ഗുണഭോക്താക്കൾക്ക് മാത്രമാണ് പദ്ധതി ആനുകൂല്യം നൽകിയതെന്ന് കാണാം.

2. **പോത്തുകുട്ടി വിതരണം -ജനറൽ , പോത്തുകുട്ടി വിതരണം -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ**

ജനറൽ പദ്ധതിക്കായി 10 ഗുണഭോക്താക്കൾക്കും എസ്.സി പദ്ധതിക്കായി 4 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. ഗുണഭോക്താവും നിർവഹണോദ്യോഗസ്ഥനും തമ്മിൽ ഒപ്പു വച്ച കരാർ പ്രകാരം പദ്ധതിയിൽ ലഭിച്ച പോത്തുകുട്ടിയെ വളർത്താനും ശാസ്ത്രീയമായി

പരിപാലിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്നും ഒരു വർഷക്കാലയളവിൽ വിൽക്കുകയോ കൈമാറുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്യാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2 ഗുണഭോക്താക്കൾ ഉരുക്കളെ 6 മാസത്തിനുള്ളിൽ തന്നെ വില്പന നടത്തിയിട്ടുണ്ട്. 2025 മാർച്ച് മാസം ആനുകൂല്യം നൽകി 6 മാസത്തിനുള്ളിൽ തന്നെ പോത്തുകുട്ടികളെ വളർത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുള്ളത് ഗുണഭോക്തൃതെരഞ്ഞെടുപ്പിലെ പോരായ്മയായും പദ്ധതി മോണിറ്ററിംഗിലെ അഭാവമായും ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ അപാകത്തിന് വിശദീകരണം ചോദിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 11/17-09-25) വനിതാഘടകപദ്ധതി എന്ന രീതിയിൽ അർഹത ഉള്ളവർ ഗുണഭോക്തൃലിസ്റ്റിൽ കുറവായതിനാലാണ് ആനുകൂല്യം നൽകിയ ഗുണഭോക്താക്കളിൽ കുറവ് വന്നത് എന്നറിയിച്ചു. പോത്തുകുട്ടികളെ വില്പന നടത്തിയ 2 ഗുണഭോക്താക്കൾക്ക് ആരോഗ്യപരമായ ബുദ്ധിമുട്ടുകൾ കാരണം പോത്തുകുട്ടിയെ വളർത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായതിനാലാണ് വിൽക്കേണ്ടി വന്നതെന്ന് വെറ്ററിനറി ഡോക്ടർ അറിയിച്ചു. ഗർഭിണി കിടാരി വിതരണം, പെണ്ണാട് വിതരണം എന്നീ പദ്ധതികളിൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ഉരുക്കളെ കൃത്യമായി പരിപാലിക്കുന്നതായി പരിശോധിച്ച് ബോധ്യപ്പെട്ടതായും അറിയിച്ചു.

**ഓഡിറ്റ് നിർദ്ദേശം**

ആവശ്യമായ അത്രയും മാത്രം ഫണ്ട് വകയിരുത്തുന്നതിനും വകയിരുത്തിയ ഫണ്ട് പൂർണ്ണമായി ചെലവഴിക്കുന്നതിനും കഴിയുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് പദ്ധതികൾ ഫലപ്രദമായി മോണിറ്ററിംഗ് ചെയ്യേണ്ടതുമാണ്.

**1-23 ലൈഫ് ഭവനനിർമ്മാണം-തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല**

വി ഇ ഒ – സർക്കിൾ 2 നിർവഹണോദ്യോഗസ്ഥനായി ലൈഫ് മിഷനിൽ ഉൾപ്പെടുത്തി വിവിധ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിന് താഴെ പറയുന്ന പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 89/25, ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം - ജനറൽ | 10960000 (വികസനഫണ്ട് - ജനറൽ - 4420000 + സംസ്ഥാനാവിഷ്കൃതം –1000000 + ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 2000000 + ജില്ലാ പഞ്ചായത്ത് വിഹിതം – 2000000 + മറ്റുള്ളവ – 1540000) | 420000 (വികസനഫണ്ട് - ജനറൽ -380000 + സംസ്ഥാനാവിഷ്കൃതം - 40000) |
| 2 | 151/25, ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം - ജനറൽ Spill Over | 4720000 (വികസനഫണ്ട് - ജനറൽ - 2780000 + സംസ്ഥാനാവിഷ്കൃതം –140000 + ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 260000 + മറ്റുള്ളവ – 1540000) | 2440000 - വികസനഫണ്ട് - ജനറൽ |
| 3 | 102/25, ലൈഫ് | 1200000, വികസനഫണ്ട് | 380000 - വികസനഫണ്ട് |

| | | | |
|---|---|---|---|
| | മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം - എസ്.ടി | – ടി.സി.പി | – ടി.സി.പി |
| 4 | 68/25 ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം - എസ്.സി | 13708340 (വികസനഫണ്ട് - എസ്.സി.പി - 3308340 + സംസ്ഥാനാവിഷ്കൃതം –4400000+ ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 3000000 + ജില്ലാ പഞ്ചായത്ത് വിഹിതം – 2000000 + മറ്റുള്ളവ – 1000000) | 6105000 (വികസനഫണ്ട് – എസ്.സി.പി 380000+സംസ്ഥാനാ വിഷ്കൃതം-320000+ ബ്ലോക്ക് പഞ്ചായത്ത് വിഹിതം –1760000+ ജില്ലാ പഞ്ചായത്ത് വിഹിതം – 625000+ +മറ്റുള്ളവ - 100000) |

രേഖകൾ പരിശോധിച്ചതിൽ 2024-25 വർഷത്തിൽ എഗ്രിമെന്റ് വെച്ചവരുടെ ഭവന നിർമ്മാണം പുരോഗമിക്കുന്നതായും മുൻ വർഷത്തിൽ എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളിൽ ചിലർ ധനസഹായം കൈപ്പറ്റി നാളിതുവരെ ഭവനം പൂർത്തിയാക്കിയിട്ടില്ലാത്തതായും കാണുന്നു. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ലൈഫ് ഐ.ഡി | ആദ്യ ഗഡു അനുവദിച്ചത് | ആകെ അനുവദിച്ച തുക |
|---|---|---|---|---|
| 1 | അജിത എം, വടക്കുമുറി വീട് | 1000792 | 13-2-23 | 360000 |
| 2 | സുമ സുരേന്ദ്രൻ, ചൂരക്കോട് | 1000796 | 11-7-23 | 240000 |
| 3 | ചെല്ല, വളത്തുകാട് | 998170 | 15-6-23 | 140000 |
| 4 | രാജി സുനിൽകുമാർ, കൊരക്കാലി | 1000804 | 17-3-23 | 140000 |
| 5 | വിജയകുമാരി, കൊരക്കാലി | 1000795 | 1-3-23 | 180000 |
| 6 | മായ, തെക്കേക്കാട് | 1000802 | 17-3-23 | 140000 |
| 7 | രാജേശ്വരി ബാബു, കൊരക്കാലി | 1000801 | 8-6-23 | 40000 |
| 8 | ഓമന രാജൻ, ഒടുകൂർ | 1008933 | 2-11-23 | 200000 |
| 9 | തങ്ക കെ, പുല്ലംപാടം | 1073293 | 20-12-24 | 40000 |
| 10 | സുമതി, പൂതംകോട് | രേഖപ്പെടുത്തിയിട്ടില്ല | 13-12-24 | 40000 |

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി മുൻവർഷങ്ങളിൽ നടപ്പാക്കിയ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പുരോഗതി/നിലവിലെ സ്ഥിതിവിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.24/19-09-25) മറുപടിയിൽ ക്രമ നം.5 വരെയുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം തടസ്സങ്ങളില്ലാതെ വിവിധ സ്റ്റേജുകളിലായി പുരോഗമിക്കുന്നതായും ക്രമ നം.6 മുതൽ 10 വരെയുള്ള ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. നിർമ്മാണം തുടരാത്തപക്ഷം നൽകിയ ഗഡുക്കൾ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 കോക്ലിയർ ഇംപ്ലാന്റേഷൻ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം., പേര് | 148/25 (SO), കോക്ലിയർ ഇംപ്ലാന്റേഷൻ |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 200000/- വികസനഫണ്ട് (ജനറൽ) |
| ചെലവ് | 150000/- വികസനഫണ്ട് (ജനറൽ) |
| ബിൽ നം/ തീയതി | 12/30-11-24, 150000/- |

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/ത സ്വ ഭ വ തീയതി 28.05.2022 പ്രകാരം കോക്ലിയർ ഇംപ്ലാന്റേഷൻ സർജ്ജറിക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഒരു കുട്ടിക്ക് 50,000രൂപ വീതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് വിധേയരായ താഴെ പറയുന്ന 3 ഗുണഭോക്താക്കൾക്കായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ PUNB -3301005800000015 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് 150,000 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താവിന്റെ പരാമർശിക്കപ്പെട്ട ആവശ്യകതയിലേക്ക് തുക വിനിയോഗിച്ചതിന്റെ രേഖകളോ തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | മേൽവിലാസം |
|---|---|---|
| 1 | സഞ്ജയ് പി കെ | S/O കണ്ണൻ, പന്നാംകോട്, വണ്ടാഴി |
| 2 | സഞ്ജന പി കെ | D/Oകണ്ണൻ, പന്നാംകോട്, വണ്ടാഴി |
| 3 | ഇവാൻ സഞ്ജു, | S/O സഞ്ജു സെബാസ്റ്റ്യൻ, പന്തലാനിക്കൽ വീട്, വണ്ടാഴി |

തസ്വഭ (ഡി എ) വകുപ്പിന്റെ 09.11.23-ലെ സർക്കുലർ നം. ഡി എ 1/284/2023-തസ്വഭവ പ്രകാരം മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ച തുക സാമ്പത്തികവർഷം ആദ്യം തന്നെ പ്രോജക്ട് മുഖേന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് കൈമാറുന്നതിനും നൽകപ്പെടുന്ന തുക ഏത് കുട്ടിക്ക് വേണ്ടിയാണോ തദ്ദേശ സ്ഥാപനം വകയിരുത്തിയിട്ടുള്ളത്, പ്രസ്തുത കുട്ടിയുടെ പരാമർശിക്കപ്പെട്ട ആവശ്യകതയിലേക്കായി തന്നെ വിനിയോഗിക്കേണ്ടതും വർഷാവസാനം തുകയുടെ വിനിയോഗസാക്ഷ്യപത്രം തദ്ദേശ സ്ഥാപനത്തിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും 30-11-2024 – നാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് തുക കൈമാറിയിട്ടുള്ളത്. തുകയുടെ വിനിയോഗ വിവരം നാളിതുവരെ ലഭ്യമായിട്ടുമില്ല.

മേൽ പറഞ്ഞിട്ടുള്ള രേഖകൾ/വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/18-09-2025) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് സൗകര്യമുള്ള ആശുപത്രിയിൽ ഗുണഭോക്താവ് നേരിട്ട് ചെന്ന് മെയിന്റനൻസ് പ്രവർത്തനങ്ങൾ നടത്തുകയും ഗ്രാമപഞ്ചായത്തിൽ നിന്നും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് തുക നൽകിയതിന്റെ ട്രാൻസാക്ഷൻ രസീതിയുടെ ഒരു പകർപ്പ് ആശുപത്രിയിൽ സമർപ്പിക്കുകയും മെയിന്റനൻസിനാവശ്യമായി വന്ന തുക ആശുപത്രിക്ക് നേരിട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി

പ്രവർത്തനം നടക്കുന്നത്. ആയതിനാൽ ഒരു വർഷം പരമാവധി എത്ര തുക ഈ ഇനത്തിൽ ചെലവാകുന്നു എന്ന കണക്ക് ഗുണഭോക്താവിന്റെ മെയിന്റനൻസ് പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. മോണിറ്ററിംഗ് കൃത്യമാക്കുന്നതിന് നടപടികളുണ്ടാകേണ്ടതാണ്. സാമ്പത്തിക വർഷം അവസാനിക്കുന്നതിന് തൊട്ടു മുമ്പു വരെയും വിനിയോഗവിവരം ലഭ്യമായിട്ടില്ലെങ്കിൽ ആകെ ചെലവായ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും തുക ബാക്കിയുണ്ടെങ്കിൽ ആയത് തിരികെ നൽകുന്നതിനും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയോട് ആവശ്യപ്പെടേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-25 പകൽ വീട് - ഭക്ഷണ സൗകര്യം ഒരുക്കൽ - വിശദീകരണം ലഭ്യമാക്കിയില്ല**

| | |
|---|---|
| പ്രൊജക്ട് നം. | 114/84 (New) |
| പ്രൊജക്ടിന്റെ പേര് | പകൽ വീട് - ഭക്ഷണ സൗകര്യം ഒരുക്കൽ |
| അടങ്കൽ തുക/ ഫണ്ടിനം | 150000/തനത് ഫണ്ട് |
| ചെലവ് | 58411 |
| വൗച്ചർ നം./ തീയതി/തുക | 22400795/18-11-24/-രൂ.6540<br>22400796/18-11-24/-രൂ.8092<br>22400794/18-11-24/-രൂ.5792<br>22400941/30-12-24/-രൂ.12918<br>22401001/17-01-25/-രൂ.7554<br>22401325/14-3-25/-രൂ.17515 |

വണ്ടാഴി മാത്തൂരിൽ പ്രവർത്തിക്കുന്ന പകൽവീടിന് ഭക്ഷണസൗകര്യം ഒരുക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച പദ്ധതിയ്ക്കായി മേൽ ബില്ലുകൾ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി തുക ചെലഴിച്ചിട്ടുണ്ട്. അവയിൽ താഴെ പറയുന്ന തുകകൾ 2023-24 വർഷത്തെ ഇൻവോയിസുകൾ പ്രകാരമുള്ള ചെലവാണെന്നു കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ബിൽ തുക | ഇൻവോസിസ് നം./ തീയതി | റിമാർക്സ് |
|---|---|---|
| 8092 | 0902103/231405/31-1-24 | മാവേലി സ്റ്റോർ വണ്ടാഴി<br>അക്കൗണ്ട് നം. FDRL14490200001672 |
| 5792 | 0902103/231496/23-3-24 | മാവേലി സ്റ്റോർ വണ്ടാഴി<br>അക്കൗണ്ട് നം. FDRL14490200001672 |

മുൻ സാമ്പത്തിക വർഷത്തെ ചെലവു തുകകൾ അതാത് വർഷങ്ങളിൽ ക്ലെയിം ചെയ്യാതെ 2024-25 (New) പ്രൊജക്ട് പകാരം ചെലവഴിക്കാനിടയായ സാഹചര്യം അറിയിക്കുന്നതിനും മേൽ തുകകൾ മുൻ വർഷങ്ങളിൽ നൽകിയിട്ടില്ലെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ എന്ന വിവരം അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/18-09-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ഭരണസമിതി തീരുമാനം സഹിതം അറിയിക്കേണ്ടതാണ്.

**1-26 ജൽജീവൻ മിഷൻ പദ്ധതി അവലോകനം**

കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ ജൽജീവൻ മിഷൻ, 2024 വർഷത്തിനകം എല്ലാ ഗ്രാമീണ

വീടുകളിലും പൈപ്പ് വഴിയുള്ള ശുദ്ധജല കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2019 ഓഗസ്റ്റിൽ ആരംഭിച്ചതാണ്. ജലജീവൻമിഷൻ പ്രവർത്തനങ്ങളുടെ ഗ്രാമപഞ്ചായത്തിലെ നിർവഹണ ഏജൻസി കേരള വാട്ടർ അതോറിറ്റിയും, നിർവഹണ സഹായ ഏജൻസി കേരള അസ്സോസിയേഷൻ ഫോർ റൂറൽ ഡെവലപ്പ്മെന്റുമാണ്. പദ്ധതിയുടെ ചെലവ് കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും തമ്മിൽ 50:50 എന്ന അനുപാതത്തിലാണ് പങ്കിടുന്നത്. സംസ്ഥാന വിഹിതത്തിൽ ആകെ ചെലവിന്റെ 25 ശതമാനം സംസ്ഥാന സർക്കാറും 15 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനവും 10 ശതമാനം ഗുണഭോക്താക്കളുമാണ് വഹിക്കേണ്ടത്. കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിലാണ് പ്രവൃത്തി നിർവ്വഹിക്കുന്നത്.

ഓഡിറ്റ് അന്വേഷണം നം.4/10-09-25 ന്റെ മറുപടി പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ജൽജീവൻ മിഷൻ പദ്ധതി ഗ്രാമപഞ്ചായത്തിൽ**

ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലായി 4716 HTC (House Hold Tap Connection) കണക്ഷനുകൾ നൽകിയതിൽ 55 എണ്ണം മാത്രമാണ് FHTC (Functional Household Tap Connection) കണക്ഷനുകൾ. ബാക്കിയുള്ളവ കണക്ഷൻ നൽകിയിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമായി തുടങ്ങിയിട്ടില്ല. 3729 കുടുംബങ്ങൾക്ക് ഇനി കുടിവെള്ള കണക്ഷൻ നൽകാനുണ്ട്.

**ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികൾ**

ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന4 കുടിവെള്ള പദ്ധതികൾ നേരിട്ട് നടത്തുന്നുണ്ട്

1. വടക്കേപ്പുഴ കുടിവെള്ള പദ്ധതി
2. മാത്തൂർ കുടിവെള്ള പദ്ധതി
3. വളയല് കുടിവെള്ള പദ്ധതി
4. പുളിക്കൽ പറമ്പ് കുടിവെള്ള പദ്ധതി

**മറ്റു വിവരങ്ങൾ**

.ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകൾ നിലവിലില്ല.

.94 പദ്ധതികൾ ഗുണഭോക്തൃ സമിതി നേരിട്ട് നടപ്പിലാക്കുന്നുണ്ട്

.വരൾച്ച സമയത്ത് ജലലഭ്യത ഇല്ലാത്ത സ്ഥലങ്ങളിൽ ബഹു.ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തി വരുന്നുണ്ട്.

.'ജലജീവൻ മിഷൻ' പദ്ധതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 15 ശതമാനം, ഗുണഭോക്തൃ വിഹിതമായ 10 ശതമാനം എന്നിവ വാട്ടർ അതോറിറ്റിക്ക് നാളിതുവരെ കൈമാറിയിട്ടില്ല.

.ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ജലശുചിത്വ സമിതി രൂപീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വാട്ടർ അതോറിറ്റിയുമായുള്ള ഏകോപനം മെച്ചപ്പെടുത്തി, വിഹിതം നൽകുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് ഫണ്ട് വകയിരുത്തി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും പദ്ധതി പുരോഗതിയും വെല്ലുവിളികളും ചർച്ച ചെയ്യുകയും പരിഹാരങ്ങൾ കണ്ടെത്തുകയും വേണം.

2. ഗ്രാമപഞ്ചായത്ത് ജലശുചിത്വ സമിതി രൂപീകരിച്ച് സമിതി മുഖേന പഞ്ചായത്തിലെ 'ജൽജീവൻ മിഷൻ' പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ആയതിലേയ്ക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. കൃത്യമായ പരാതി പരിഹാര സംവിധാനം നടപ്പാക്കി നിലവിൽ കണക്ഷനുകൾ കൊടുക്കാൻ ബാക്കിയുള്ള കുടുംബങ്ങൾക്ക് കണക്ഷൻ നൽകാനും 100% ജല ലഭ്യത ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. വ്യാപകമായി ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്ന സാഹചര്യം, സ്വാഭാവിക ജലസ്രോതസ്സുകളെ സഹായിക്കുന്ന വനം, വയൽ, കാവുകൾ തണ്ണീർത്തടങ്ങൾ, എന്നിവയിലുണ്ടായ കുറവ്, സൂക്ഷ്മ കാലാവസ്ഥയിലെ മാറ്റം, പ്രകൃതിദുരന്തങ്ങൾ, മറ്റ് മുൻകൂട്ടി കാണാൻ കഴിയാത്ത വെല്ലുവിളികൾ എന്നിവ പരിഗണിച്ചുള്ള മുന്നൊരുക്കങ്ങളും മുൻകരുതലുകളും ജലശുചിത്വസമിതിയുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.

4. ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിയ്ക്ക്

കൈമാറുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്.

## 1-27 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും അവലോകനം

പതിനഞ്ചാം ധനകാര്യകമ്മീഷൻ, പ്രാഥമികാരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ആരോഗ്യ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണവകുപ്പ് തയ്യാറാക്കിയ കർമ്മപദ്ധതി അനുസരിച്ചുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്.

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം മുതൽ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗവും ആയതിന്റെ ഫലപ്രാപ്തിയും വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 3/10.09.25 ന് സെക്രട്ടറി, മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് ഈ അവലോകനം തയ്യാറാക്കിയിട്ടുള്ളത്.
സ്കീം 1, സ്കീം 3, സ്കീം 4 ഇനങ്ങളിലുള്ള പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്ത് മുഖാന്തരം നടപ്പാക്കേണ്ടത്.

